# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2288 08.05.2017 ലെ മറുപടിയ്ക്ക്

### വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ് കെട്ടിടത്തിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും നിർമ്മാണം എന്നാണ് ആരംഭിച്ചത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; ഇപ്പോൾ ഇവയുടെ നിർമ്മാണം ഏതു ഘട്ടം വരെയായി; നിർമ്മാണം തടസ്സപ്പെടാനുണ്ടായ കാരണം വ്യക്തമാക്കാമോ;<br><br>(ബി) കെട്ടിടനിർമ്മാണത്തിലുള്ള തടസ്സം നീക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; പ്രവൃത്തി പുതുതായി ടെൻഡർ ചെയ്തിരുന്നോ; ഇവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാവും എന്ന് വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ് കെട്ടിടം കരാറുകാരനായ ഷെരീഫ് & കമ്പനി 715.06 ലക്ഷം രൂപയ്ക്ക് എഗ്രിമെന്റ് വച്ച് 17.05.2011 ൽ പ്രവൃത്തി ആരംഭിക്കുകയും, മൂന്ന് നിലകളും കോളം വർക്കുകളും, സ്ലാബ്, ബീം തുടങ്ങിയവയുടെ പണികളും ചെയ്തിട്ട് പണി നിർത്തി വച്ചതിനാൽ കരാറുകാരന്റെ റിസ്ക് & കോസ്റ്റ് ൽ ബാക്കി പണികൾ റീ അറേഞ്ച് ചെയ്ത് ഡോറ ഇൻഫ്രാസ്ട്രക്ച്ചർ പ്രോപ്പർട്ടീസ് ലിമിറ്റഡ് കമ്പനിക്ക് 645.50 ലക്ഷം രൂപയ്ക്ക് കരാർ നൽകുകയും 29.2.2016 ൽ പണി ആരംഭിക്കുകയും ചെയ്തു. പ്രവൃത്തിയുടെ കാലാവധി 30.06.2017 വരെ നീട്ടി-ക്കൊടുത്തിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തോടു കൂടി മൊത്തം പണികളും പൂർത്തീകരിക്ക-ത്തക്കവിധം പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>വെച്ചൂച്ചിറ ഗവണ്മെന്റ് പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണത്തിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 09.05.2011 ന് 667 ലക്ഷം രൂപയ്ക്ക് ഷെരീഫ് & കമ്പനി എഗ്രിമെന്റ് വച്ചിരുന്നു എങ്കിലും പണികൾ ഒന്നും ചെയ്യാതിരുന്ന സാഹചര്യത്തിൽ കോൺട്രാക്റ്ററുടെ റിസ്ക് & കോസ്റ്ററിൽ കോൺട്രാക്റ്റ് അവസാനിപ്പിക്കുകയും ടെണ്ടർ മുഖേന റീ അറേഞ്ചുചെയ്ത് കെ.പി.ഷൈലു എന്ന കരാറുകാരനുമായി 16.02.2017 ൽ 953 ലക്ഷം രൂപയ്ക്ക് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു.22.05.2018 നാളിൽ പൂർത്തീകരിക്ക-ത്തക്കവിധത്തിൽ പണികൾപുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ